പഠനം

# മതപ്രമാണങ്ങൾ

## മദ്ഹബുകളിലൂടെ മതത്തെ അറിയുക



■ നജീബ് മൗലവി

# മതപ്രമാണങ്ങൾ

ഇസ്ലാംദീനാണു മതമെന്നതു കൊണ്ട് ഇവിടെ ഉദ്ദേശ്യം. മതമെന്ന ശബ്ദം ദീനിനെ പൂർണ്ണമായുൾക്കൊള്ളുന്ന പര്യായപദമല്ല. പകരം 'ദർശന'മെന്നോ 'ധർമ്മമെ'ന്നോ പറഞ്ഞാലും സ്ഥിതിയിതു തന്നെ. 'ജീവിതപദ്ധതി'യെന്നാണ് ഏറ്റം യോജ്യമായി ചിലർ ചൂണ്ടിക്കാട്ടുന്നത്. ഇതും യഥാർത്ഥത്തിൽ കൃത്യമല്ല. ഭാഷയുടെ പരിമിതിയാണിത്. ഒരു ഭാഷയിലെ വാക്കുകളുടെ വിപുലാശയങ്ങളുൾക്കൊള്ളുന്ന സമാനപദങ്ങൾ ഇതരഭാഷയിൽ ലഭിക്കണമെന്നില്ല. അറബി പദങ്ങളുടെ കാര്യത്തിൽ വിശേഷിച്ചും. മറ്റേതു ഭാഷയേക്കാളും സമ്പന്നമാണത്. അതിലെ മിക്ക പദങ്ങളും അർത്ഥലോഭം വരാതെ പരിഭാഷപ്പെടുത്തുക ദുഷ്കരമാണ്. ദീൻ എന്ന ശബ്ദവും അങ്ങനെതന്നെ. സമ്പൂർണ്ണമൊഴിമാറ്റം മലയാളത്തിൽ സാധ്യമല്ല. മതമെന്നു സർവ്വസാധാരണ പരിഭാഷപ്പെടുത്താറുള്ളതുകൊണ്ട് അതുതന്നെ നമുക്കുമുപയോഗിക്കാം.

## എന്താണു ദീൻ

അനുസരണം, വഴിപ്പെടൽ, വിധേയപ്പെടൽ, ജസാ, വിചാരണ എന്നെല്ലാം ഇതിനു ഭാഷാർത്ഥമുണ്ട്. സാങ്കേതികാർത്ഥമായി പലരും പല രീതിയിലാണു നിർവ്വചിച്ചിട്ടുള്ളതെങ്കിലും എല്ലാം സാരാംശത്തിൽ ഒന്നുതന്നെ. وضع الهي سائق لذوي العقول باختيارهم المحمود الى ما هو خير لهم بالذات (ബുദ്ധിയും വിവേകവുമുള്ളവരെ അവരുടെ സ്വാതന്ത്ര്യവും ഇഷ്ടവുമനുസരിച്ചു തങ്ങൾക്കു യഥാർത്ഥത്തിൽ ഹിതകരമായിട്ടുള്ളതെന്താണോ അതിലേക്കു നയിക്കുന്ന ദൈവിക നിശ്ചയം) ഇതാണ് حواشي العقدية യിൽനിന്നും മറ്റും ഉദ്ധരിച്ചുകൊണ്ട് ഇമാം ഇബ്നുഹജർ(റ) തുഹ്ഫയിൽ നല്കിയ നിർവ്വചനം. وضع الهي لما يعرف منه العباد احكام عقائدهم واعمالهم واقوالهم يترتب عليه صلاحهم في الدارين (അടിയാറുകൾക്ക് തങ്ങളുടെ ഇരുവീട്ടിലെയും-ദുൻയാവിലെയും ആഖിറത്തിലെയും നന്മക്കുതകുംവിധം അവരുടെ വിശ്വാസങ്ങൾ, പ്രവൃത്തികൾ, വാക്കുകൾ എന്നിവയുടെ നിയമം മനസ്സിലാക്കാൻ പറ്റുന്ന ദൈവികനിശ്ചയം. നുഖ്ബത്തുല്ലആലി പേ. 58) എന്നും مجموع الفضايا الماخوذة عمن يدعي التبليغ من عند الله صادقا او كاذبا (അല്ലാഹുവിങ്കൽ നിന്നു പ്രബോധനം ചെയ്യുകയാണെന്നവകാശപ്പെടുന്നയാളിൽ നിന്ന്-അയാൾ സത്യവാനോ വ്യാജനോ ആകട്ടെ-മനസ്സിലാക്കപ്പെടുന്ന നിയമതത്ത്വങ്ങളുടെ സമാഹാരം) എന്നുമാണു വേറെ ചിലർ നിർവ്വചിച്ചത്.(നിബ്റാസ് 28, ഹാശിയത്തുൽ ജമൽ 4-114)

ഈ നിർവ്വചനങ്ങളിൽ നിന്നും ദീനെന്നാൽ ദൈവിക നിശ്ചയങ്ങളും നിയമങ്ങളുമാണെന്നും അതിനെ മനസ്സിലാക്കപ്പെടുന്നതു ദൈവത്തിൽ നിന്നു പ്രബോധനം ചെയ്യുന്നവരെന്നവകാശപ്പെടുന്ന ദൂതന്മാരിൽ നിന്നാണെന്നും വ്യക്തമായി. അതുപോലെ ഇതു ബുദ്ധിയും വിവേകവുമുള്ളവർക്കാണു നല്കപ്പെടുന്നതെന്നും അവർക്ക് ഇരുവീട്ടിലും യഥാർത്ഥത്തിൽ നേട്ടമെന്താണോ അതിലേക്കു നയിക്കുകയാണ് ഇതിന്റെ ധർമ്മമെന്നും ഗ്രഹിക്കാൻ കഴിഞ്ഞു. ഇതുതന്നെ ബലാൽക്കാരമായല്ല, വിവേകമുള്ളവരുടെ ഇഷ്ടപ്രകാരമാണു നിറവേറ്റപ്പെടുകയെന്നും സിദ്ധമായി. അപ്പോൾ ദൈവികമതത്തിനാണു ദീനെന്നു പറയുകയെന്നും ദൈവത്തെതൊട്ടു പ്രബോധനം ചെയ്യുന്നുവെന്ന അവകാശവാദത്തോടെ വ്യാജന്മാർ പ്രബോധനം ചെയ്താലും അതിനെ ദീനെന്നു വിശേഷിപ്പിക്കാമെന്നും ഗ്രഹിക്കാം. സത്യദൂതന്മാർ പ്രബോധനം ചെയ്യുന്നതു സത്യദീനും വ്യാജദൂതന്മാർ പ്രബോധനം ചെയ്യുന്നതു വ്യാജദീനുമെന്നു ചുരുക്കം.

സാങ്കേതികമായി വ്യാജദീനുകൾക്കും ദീൻ എന്ന ശബ്ദം ഉപയോഗിക്കാമെങ്കിലും ഇസ്ലാം മാത്രമാണ് യഥാർത്ഥദീനെന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ان الدين عند الله الإسلام (അല്ലാഹുവിങ്കൽ ദീനെന്നാൽ ഇസ്ലാം മാത്രമാണ്) എന്ന ഖുർആനിന്റെ പ്രഖ്യാപനം ഇതരദീനുകളെല്ലാം വ്യാജമാണെന്ന ആശയത്തോടൊപ്പം ഇസ്ലാം മാത്രമേ യഥാർത്ഥത്തിൽ ദീനെന്നു വിശേഷിപ്പിക്കാൻ അർഹമായുള്ളൂവെന്ന വെളിപ്പെടുത്തൽ കൂടിയുൾക്കൊള്ളുന്നു. മറ്റേതൊരു ദീനിനെ ആചരിച്ചാലും അതു സ്വീകാര്യമല്ലെന്ന് അല്ലാഹു തറപ്പിച്ചു പറയുന്നുണ്ട്(ومن يبتغ غير الإسلام دينا فلن يقبل منه). അപ്പോൾ ദീനെന്ന അർത്ഥത്തിൽ മതമെന്നുപയോഗിക്കുന്നതിന്റെ ഉദ്ദേശ്യം ഇസ്ലാം എന്നു തന്നെയാണ്. ഇതിന്റെ ചുരുക്ക നിർവ്വ

ചനം ما شرع الله من الأحكام (അല്ലാഹു നിയമമാക്കിയ വിധികൾ) എന്നാണ്.

## പ്രമാണങ്ങൾ

സത്യദീനിനെ പഠിക്കാനും ഗ്രഹിക്കാനും ആധാരമാക്കുന്ന ആധികാരിക തെളിവുകളെന്നാണല്ലോ ദീനിന്റെ പ്രമാണങ്ങൾ കൊണ്ടുദ്ദേശ്യം. ദീൻ എന്താണെന്നു ഗ്രഹിച്ചാൽ തന്നെ ഇവ ഏതെല്ലാമാണെന്നും മനസ്സിലാക്കാനാകും. മനുഷ്യർക്കു ഹിതകരമായതെന്താണെന്ന് അവർതന്നെ കണ്ടുപിടിക്കാൻ തുനിഞ്ഞാൽ അതു സാധ്യമല്ല. ഒന്നാമതായി, അവരുടെ ബുദ്ധിശേഷി പരിമിതമാണ്. ഏതു കൂർമ്മബുദ്ധിക്കും പ്രാപ്യമല്ലാത്ത ലോകങ്ങൾ ധാരാളമുണ്ട്. ഈ ഭൂമിയിൽ മനുഷ്യനുപയോഗിക്കുന്ന സർവ്വസാധാരണമായ വസ്തുക്കളെക്കുറിച്ചു തന്നെ അവനറിയുന്നതിനേക്കാൾ അറിയാത്ത കാര്യങ്ങളാണു കൂടുതൽ. ദിനേന അവൻ തിന്നുന്ന ആഹാരം, കുടിക്കുന്ന വെള്ളം, വിസർജ്ജിക്കുന്ന മലം, മൂത്രം എന്നിവ സംബന്ധിച്ചുതന്നെ മനുഷ്യൻ ഗ്രഹിച്ചിട്ടുള്ളതിനേക്കാൾ എത്രയോ കൂടുതൽ ഇനിയുമവൻ ഗ്രഹിക്കാനില്ലേ? അവന്റെ നിത്യോപയോഗത്തിലുള്ള മണ്ണ്, മരം, വായു, വൈദ്യുതി എന്നിവ സംബന്ധിച്ചുതന്നെ മനുഷ്യനിതുവരെ നേടിയിട്ടുള്ള അറിവുകൾ-അവയെത്രതന്നെ വിപുലവും അതിശയകരവുമാണെങ്കിലും -എത്രയോ കുറവാണ്! സ്വന്തമായി നിരീക്ഷിച്ചാൽതന്നെ എത്രയെത്ര സംശയങ്ങൾ ഇവസംബന്ധിച്ചിനിയും ബാക്കിയുണ്ട്! മനുഷ്യബുദ്ധിയുടെയും അറിവിന്റെയും പരിമിതിയാണ് ഇതു തെളിയിക്കുന്നത്.

മനുഷ്യബുദ്ധിയുപയോഗിച്ച് ഇതു കണ്ടെത്താമെന്നുവച്ചാലും കുഴഞ്ഞുപോകും. ചിലരുടെ ബുദ്ധിയിൽ തെളിയുന്നതല്ല മറ്റു ചിലർക്കു ബോധ്യപ്പെടുക. ഒരു വിഷയത്തെക്കുറിച്ചു വെറും പത്തുപേർ നിരീക്ഷിക്കുന്നതായാൽ തന്നെ പത്തുവിധം നിഗമനങ്ങളാണു ലഭിക്കുക. എങ്കിൽപിന്നെ മനുഷ്യനു ഹിതകരമായതെന്തെന്നു കണ്ടെത്തുന്ന കാര്യം മനുഷ്യവർഗ്ഗം തന്നെ ഏറ്റടുത്താലത്തെ അവസ്ഥ ആലോചിക്കാൻ പോലുമാവില്ല.

രണ്ടാമതായി, മനുഷ്യൻ മനുഷ്യന്റെ സൃഷ്ടിയല്ല. താൻ എങ്ങനെ, എന്തിന് സൃഷ്ടിക്കപ്പെട്ടതാണെന്നും അവനു സ്വന്തമായറിയില്ല. സ്രഷ്ടാവായ അല്ലാഹു തന്റെ ഹിതപ്രകാരം മാത്രം സൃഷ്ടിച്ചിട്ടുള്ളതാണു മനുഷ്യനെ. ഇതുകൊണ്ടാണു ഒരു വ്യക്തിക്കും തന്നെക്കുറിച്ചുള്ള പൂർണ്ണമായ അറിവുപോലുമില്ലാത്തത്. ഒരു സ്ത്രീയുടെ യോനിയിൽ നിന്നു പുറന്തള്ളപ്പെട്ട ശിശു വളർന്നു വികാസംപൂണ്ടതാണു താനെന്നറിയാമെന്നല്ലാതെ തന്നെയെങ്ങനെ രൂപപ്പെടുത്തിയെന്നും തന്റെ സ്വരൂപത്തിലും സ്വഭാവത്തിലും തന്നെ സൃഷ്ടിക്കപ്പെട്ടതെന്തിനെന്നും ഈ ജീവിതത്തിൽ തന്റെ കൃത്യമായ കാലാവധി എത്രയാണെന്നും ഒരാൾക്കുമറിയില്ല. എന്നാൽ ഓരോ മനുഷ്യശിശുവും ഗർഭപാത്രത്തിന്റെ അകത്തളത്തിലിരിക്കുമ്പോൾതന്നെ -അതിനു ജീവൻ നല്കുമ്പോൾ ഈ ശിശുവിനെ പ്രസവിക്കപ്പെട്ടു പുറത്തുവന്നതു മുതൽ കണ്ണടയുന്നതു വരെ അവനുപയോഗിക്കുന്ന ജീവിതവിഭവങ്ങൾ, ചെയ്യുന്ന കർമ്മങ്ങൾ, അവന്റെ ആയുസ്സറുതി, പരലോകത്തെ ജയാപജയങ്ങൾ എന്നിവ മലക്കുകളെക്കൊണ്ട് അല്ലാഹു രേഖപ്പെടുത്തിക്കുമെന്ന് പ്രബലഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്(ബുഖാരി, മുസ്‌ലിം). അപ്പോൾ കൃത്യമായ മുന്നറിവോടും ആസൂത്രിതമായ പ്ലാനോടും കൂടിയാണ് ഏതൊരു മനുഷ്യന്റെയും സൃഷ്ടിപ്പെന്നു വ്യക്തമാണ്. ഈ സൃഷ്ടിപ്പിന്റെ ലക്ഷ്യവും അല്ലാഹുവിനു മാത്രമാണറിയുക. ഓരോ മനുഷ്യനും നല്കപ്പെട്ട ശരീരഘടനയുടെയും ആകൃതിയുടെയും രഹസ്യങ്ങളും സ്രഷ്ടാവിനു മാത്രമേ അറിയുകയുള്ളൂ. സ്രഷ്ടാവു വെളിപ്പെടുത്തിത്തന്നതല്ലാതെ നമുക്കൊന്നുമറിയില്ല. മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം അല്ലാഹു ഇങ്ങനെ വെളിപ്പെടുത്തുന്നു. ما ارید منهم من رزق وما ارید ان یطعمون. وما خلقت الجن والإنس الا لیعبدون (മനുഷ്യവർഗ്ഗത്തെയും ജിന്നുവർഗ്ഗത്തെയും ഞാൻ സൃഷ്ടിച്ചിട്ടുള്ളത് അവർ എന്നെ അറിഞ്ഞ് ആരാധിക്കുന്നതിനും കീഴ്‌വണങ്ങുന്നതിനും വേണ്ടി മാത്രമാണ്. അവരിൽ നിന്ന് എന്തെങ്കിലും ഭൗതികവിഭവങ്ങൾ ഞാനുദ്ദേശിക്കുന്നില്ല. അവരെന്നെ തീറ്റിപ്പോറ്റണമെന്നും എനിക്കാവശ്യമില്ല. സൂറ: ദാരിയാത്ത് 56, 57)

അല്ലാഹുവിനെ അറിയുകയും അവനെ മഹത്വപ്പെടുത്തി വണങ്ങുകയും ചെയ്യുന്നതിനാണ് മനുഷ്യവർഗ്ഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിനെ എങ്ങനെയാണറിയേണ്ടത്? എങ്ങനെ വിശ്വസിക്കണം? വണങ്ങേണ്ട രൂപമെങ്ങനെ? ഇതൊന്നും നമുക്കറിഞ്ഞുകൂടാ. അല്ലാഹു തന്നെ അറിവു നല്കണം. ഇതിന്നായി അല്ലാഹു തിരഞ്ഞെടുത്തവരാണ് അവന്റെ ദൂതന്മാർ. ഈ ദൂതന്മാർ മുഖേന അല്ലാഹു പഠിപ്പിക്കുന്ന രീതിയിലാണ് അവനെ അറിയേണ്ടതും വണങ്ങേണ്ടതും. മനുഷ്യാരംഭം മുതൽ എല്ലാ കാലങ്ങളിലും ഈ ധർമ്മം അല്ലാഹു നിറവേറ്റിയിട്ടുണ്ട്. അല്ലാഹു നിയോഗിക്കുന്ന തിരുദൂതന്മാർ അവരുടെ ദൗത്യം അനവരതം നിർവ്വഹിച്ചുപോന്നിട്ടുമുണ്ട്. ഇടയ്ക്ക് അവരിൽ ചിലർക്ക് അല്ലാഹു വേദങ്ങളും നല്കി. നിയോഗിത ജനതക്കു നല്കപ്പെടുന്ന അറിവുകൾ വിശദീകരിക്കുകയും ദീർഘകാലം നിലനില്ക്കുകയും ചെയ്യേണ്ടിവരുമ്പോളായിരുന്നു ഇത്. അപ്പോൾ വേദമില്ലാത്ത ജനതക്ക് അല്ലാഹുവിനെ അറിഞ്ഞുവണങ്ങേണ്ട രൂപവും നിയമസംഹിതയും-ദീൻ-അറിയാനുള്ള പ്രമാണം അവരിലേക്കയക്കപ്പെടുന്ന പ്രവാചകന്മാരാണ്. അവരുടെ വാക്കുകളും പ്രവൃത്തികളും അവലംബിച്ചാണ് അവർ തങ്ങളുടെ ദീൻ മനസ്സിലാക്കേണ്ടത്. അതേസമയം, വേദവുംകൂടി നല്കപ്പെട്ട ജനതക്കാകട്ടെ മതം അറിയാനുള്ള പ്രമാണങ്ങൾ രണ്ടെണ്ണമായി. അല്ലാഹുവിന്റെ ദൂതരായ പ്രവാചകരും അവർക്കു നല്കപ്പെട്ട വേദവും. ഇതു രണ്ടും പ്രമാണിച്ചുകൊണ്ടാണ് അവർ ദീൻ പഠിക്കേണ്ടത്. എന്നാൽ പൂർവ്വസമുദായങ്ങളിൽ വേദം നല്കപ്പെട്ടവർക്കെല്ലാം വേദത്തോടൊപ്പം ദൂതന്മാരുമുണ്ടായിരുന്നു. ഒരു ജനസമൂഹത്തിലേക്കു മാത്രമായിരുന്നു അവരുടെ നിയോഗവും.

അന്ത്യപ്രവാചകരായ നബി(സ)തങ്ങളുടെ നിയോഗത്തിലൂടെ അല്ലാഹു ഈ സംവിധാനം പുനഃക്രമീകരിച്ചു. അന്തിമ ദൂതരും ശാശ്വത വേദവും സമ്പൂർണ്ണ ദീനുമായി നബി(സ)തങ്ങളെ നിയോഗിച്ചു. അതോടെ ദൂതന്മാരെ നിരന്തരം അയച്ചുകൊണ്ടിരുന്ന സമ്പ്രദായം അല്ലാഹു അവസാനിപ്പിക്കുകയും ചെയ്തു. ഇനി ലോകാന്ത്യംവരെ വരുന്ന മനുഷ്യർക്കെല്ലാം നബി(സ)തങ്ങൾ തന്നെയാണ് അല്ലാഹുവിന്റെ തിരുദൂതർ. വിശുദ്ധഖുർആൻ തന്നെയാണ് വേദം. മനുഷ്യർക്കു മാത്രമല്ല, അവരെക്കാൾ ഇരട്ടിയിരട്ടി ജനസംഖ്യയുള്ള ജിന്നു

കളിലേക്കും നബി(സ)തങ്ങളെ റസൂലായി നിയമിച്ചു. അതിനുമുമ്പൊരിക്കലും ജിന്നുകളിലേക്ക് ഒരു മനുഷ്യ ദൂതനെ അല്ലാഹു നിയോഗിച്ചിട്ടില്ല. എന്നാൽ, ജിന്നുകളിലേക്കുള്ള നബി(സ)യുടെ നിയോഗത്തിന്റെ രീതിയും സ്വഭാവവും വിശദാംശങ്ങളും സംബന്ധിച്ചു നമുക്കറിവു ലഭിച്ചിട്ടില്ല. അതിനാൽ, അക്കാര്യം ചർച്ചയിൽ നിന്നൊഴിവാക്കാം. മനുഷ്യരുടെ കാര്യംതന്നെ തുടരാം. ഏകദേശം പതിനാലര നൂറ്റാണ്ടുകാലമായി ഭൂമിമണ്ണിലെ എല്ലാ മനുഷ്യർക്കുമുള്ള അല്ലാഹുവിന്റെ റസൂൽ

**പൂർവ്വവേദക്കാരെ അപേക്ഷിച്ച് സത്യവേദത്തിന്റെ അനുയായികൾക്ക് നിത്യമായി നിലനില്ക്കുന്ന ഒരു പ്രമാണം കൂടി അനിവാര്യമായി വരുന്നു. വേദവും ദൂതരും എന്ന പ്രമാണങ്ങളാണ് അവർക്കുണ്ടായിരുന്നതെങ്കിൽ ദൂതരില്ലാതെ നിലനില്ക്കുന്ന സത്യവേദത്തിന് അതോടൊപ്പം ഒരു സത്യപ്രമാണംകൂടി അനിവാര്യമാണ്. മനുഷ്യരിലെ ഏതെങ്കിലുമൊരു വ്യക്തിയിലൂടെയോ ഏതാനും വ്യക്തികളിലൂടെയോ ഇതു സാദ്ധ്യമല്ല. കാരണം, പ്രവാചകത്വ ദൗത്യം നബിയോ ടുകൂടെ അവസാനിച്ചുവല്ലോ. അ തിനാൽ സാമൂഹികമാ യി ഒരു സത്യപ്രമാണത്തെ സംവിധാനിക്കുകയാണ് അല്ലാഹു ചെയ്തത്. നബി(സ)തങ്ങളുടെ സമുദായത്തെ വിശുദ്ധഖുർആനിന്റെ ജനതയെ മൊത്തമായി ഒരു പിഴവുപറ്റാത്ത സത്യപ്രമാണമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. പിഴവുപറ്റാതിരിക്കുകയെന്ന ഇസ്മത്തുള്ള, വ്യക്തികളായ പ്രവാചകന്മാർക്കു പകരം അതേ ഇസ്മത്തുള്ള ഒരു സമൂഹം, അതാണീസമുദായം.**

തിരുനബി(സ) തങ്ങളാണ്. ഇനി അന്ത്യനാൾ വരെ എത്ര നൂറ്റാണ്ടുകൾ വന്നാലും ഏതുതലമുറയിലും നബി(സ)തങ്ങൾ തന്നെയാണ് നിയോഗിത ദൂതർ. അവരുടെയെല്ലാം വേദം വിശുദ്ധഖുർആനും. നബി(സ)തങ്ങളിലൂടെ അല്ലാഹു തന്നെ അറിയുന്നതിനും വണങ്ങുന്നതിനുമായി പഠിപ്പിച്ച ദീനാകട്ടെ ശാശ്വതവും സമ്പൂർണ്ണവുമാണ്. മനുഷ്യജീവിതത്തിന്റെ വ്യക്തിപരവും കുടുംബപരവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു മേഖലയെയും ഈ ദീൻ ഒഴിവാക്കിയിട്ടില്ല. മനുഷ്യന്റെ ചലനാചലനങ്ങളെയെല്ലാം ബാധിക്കുന്ന നിയമം ഈ ദീനിലുണ്ട്.

ശാശ്വതവും സമ്പൂർണ്ണവുമായ ഈ ദീനിന്റെയും, അനശ്വരവ്യക്തിത്വവും ദൗത്യവുമുള്ള അന്ത്യറസൂലിന്റെയും സത്യസാക്ഷീകരണത്തിനും തെളിവുമായി അന്തിമവേദഗ്രന്ഥമായ ഖുർആനിന് അമാനുഷികതയും അജയ്യതയും(إعجاز) നല്കപ്പെട്ടിരിക്കുന്നു. മുൻവേദങ്ങളെപ്പോലെ ഇതു മനുഷ്യന്റെ കൈയേറ്റങ്ങൾക്കു വിധേയപ്പെടുകയില്ല. മാറ്റത്തിരുത്തലുകൾക്കിരയാകുകയില്ല. ഇതിലെ ഏറ്റവും ചെറിയ അദ്ധ്യായത്തിനു സമാനമായ ഒരു രചന ഗദ്യമായോ പദ്യമായോ സൃഷ്ടികൾക്കാർക്കും സാധ്യവുമല്ല. പക്ഷേ, പൂർവ്വവേദങ്ങളോടൊപ്പം എന്നും ദൂതന്മാരുണ്ടായിരുന്നു. വിശുദ്ധഖുർആനിനോടൊപ്പം അതിനെ വിശദീകരിക്കാനും കാലോചിതമായ അറിവുകൾ അപ്പപ്പോൾ നല്കിക്കൊണ്ടിരിക്കാനും നബി(സ)തങ്ങൾ ഭൂമുഖത്ത് ജീവിച്ചിരിക്കുന്നില്ല. അതു പ്രായോഗികവുമല്ല. പ്രകൃതിനിയമത്തിനു വിരുദ്ധമാണത്. അതേസമയം, സത്യവേദവും സത്യദീനുമാകട്ടെ എല്ലാ കാലത്തേക്കും ഏതു സമൂഹത്തിലേക്കുമുള്ളതുമാണ്. ഇവിടെ പൂർവ്വവേദക്കാരെ അപേക്ഷിച്ച് സത്യവേദത്തിന്റെ അനുയായികൾക്ക് നിത്യമായി നിലനില്ക്കുന്ന ഒരു പ്രമാണം കൂടി അനിവാര്യമായി വരുന്നു. വേദവും ദൂതരും എന്ന പ്രമാണങ്ങളാണ് അവർക്കുണ്ടായിരുന്നതെങ്കിൽ ദൂതരില്ലാതെ നിലനില്ക്കുന്ന സത്യവേദത്തിന് അതോടൊപ്പം ഒരു സത്യപ്രമാണംകൂടി അനിവാര്യമാണ്. മനുഷ്യരിലെ ഏതെങ്കിലുമൊരു വ്യക്തിയിലൂടെയോ ഏതാനും വ്യക്തികളിലൂടെയോ ഇതു സാദ്ധ്യമല്ല. കാരണം, പ്രവാചകത്വ ദൗത്യം നബിയോടുകൂടെ അവസാനിച്ചുവല്ലോ. അതിനാൽ സാമൂഹികമായി ഒരു സത്യപ്രമാണത്തെ സംവിധാനിക്കുകയാണ് അല്ലാഹു ചെയ്തത്. നബി(സ)തങ്ങളുടെ സമുദായത്തെ -വിശുദ്ധഖുർആനിന്റെ ജനതയെ മൊത്തമായി ഒരു പിഴവുപറ്റാത്ത സത്യപ്രമാണമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. പിഴവുപറ്റാതിരിക്കുകയെന്ന ഇസ്മത്തുള്ള, വ്യക്തികളായ പ്രവാചകന്മാർക്കു പകരം അതേ ഇസ്മത്തുള്ള ഒരു സമൂഹം, അതാണീസമുദായം. ഇതു പരലോകത്തേക്കുകൂടി ആവശ്യമുള്ളതാണ്. പൂർവ്വദൂതന്മാരുടെ സമുദായങ്ങൾ അവരെ തള്ളിപ്പറയുമ്പോൾ അവർക്കെതിരെ ആ പ്രവാചകന്മാർക്കനുകൂലമായി സാക്ഷി നില്ക്കാൻ അല്ലാഹു നിശ്ചയിച്ചിരിക്കുന്നത് ഈ സമുദായത്തെയാണ്. നമ്മുടെ സാക്ഷിമൊഴിയെ അടിസ്ഥാനപ്പെടുത്തി കള്ളംപറഞ്ഞ പൂർവ്വസമുദായങ്ങളെ ശിക്ഷിക്കണമെങ്കിൽ നാം നീതിയുടെ സത്യസാക്ഷികളായിരിക്കണമല്ലോ. അതെ, അല്ലാഹു അങ്ങനെ ഈ സമുദായത്തെ സംവിധാനിച്ചൊരുക്കിയിട്ടുണ്ട്. ഇതു പലയിടങ്ങളിലായി ഖുർആനിൽ വായിക്കാം. وكذلك جعلناكم أمة وسطا لتكونوا شهداء على الناس ويكون الرسول عليكم شهيدا (പൂർവ്വപ്രവാചകന്മാരുടെ ജനതക്കെതിരെ ആ പ്രവാചകന്മാർക്കനുകൂലമായി നിങ്ങൾ സാക്ഷി നില്ക്കുന്നതിനും നിങ്ങളെ ശരിവച്ചുകൊണ്ട് റസൂൽ(സ) സാക്ഷിയാകുന്നതിനുമായി നിങ്ങളെ നാം ഉത്തമ സമുദായമാക്കിയിരിക്കുന്നു-അൽബഖറ: 143) എന്ന ആയത്തിന്റെ വ്യാഖ്യാനത്തിൽ മുഫസ്സിറുകളെല്ലാം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇമാം റാസി ഇങ്ങനെ വ്യക്തമാക്കുന്നു. "നമ്മുടെ അഹ്ലുസ്സുന്നത്തിന്റെ അസ്ഹാബിൽ നിന്നും മുഅ്തസിലത്തിൽ നിന്നും ബഹുഭൂരിപക്ഷവും ഈ ആയത്തിൽ നിന്ന് ഇജ്മാഉൽ ഉമ്മത്ത്-സമുദായത്തിന്റെ ഏകോപിത തീരുമാനം അജയ്യപ്രമാണമാണെന്നു ലക്ഷ്യം പിടിച്ചിട്ടുണ്ട്. സമുദായത്തിന്റെ നീതിബ

ത്തെക്കുറിച്ചും അത്യുത്തമ നിലയെക്കുറിച്ചും അല്ലാഹു ഈ ആയത്തിൽ പറഞ്ഞുവല്ലോ. പിഴവുകളിന്മേലോ കുറ്റത്തിന്മേലോ ഈ സമുദായം ഒന്നിച്ചു നിലനില്ക്കുമെങ്കിൽ അവർ ഉത്തമസമുദായമെന്ന വിശേഷണത്തിന് അർഹരാവുകയില്ല. പിഴവുകളും തെറ്റുകുറ്റങ്ങളും അവരിൽ നിന്നു മൊത്തമായുണ്ടാവുകയില്ലെന്നു വരുമ്പോൾ അവരുടെ വാക്കുകൾ പ്രമാണമാണെന്നു വ്യക്തമാണല്ലോ.'' തഫ്സീർ റാസി 4-110.

كنتم خير امة اخرجت للناس എന്ന സൂറഃ ആലുഇംറാനിലെ 110-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം റാസി (സ)കുറിക്കുന്നു: ''സമുദായത്തിന്റെ ഏകോപനം അജയ്യപ്രമാണമാകുന്നുവെന്നതിന് നമ്മുടെ ഇമാമുകൾ ഈ ആയത്തിനെ ലക്ഷ്യമാക്കിയിരിക്കുന്നു. എങ്ങനെയെന്നാൽ 'മൂസാനബി(അ)യുടെ ജനതയിൽ സത്യംകൊണ്ടു വഴിനടത്തുന്ന ഒരു സമുദായമുണ്ടെ'ന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. നബിയുടെ സമുദായം എല്ലാ സമുദായങ്ങളേക്കാൾ ഉത്തമമാണെന്ന് ഇവിടെ അല്ലാഹു വ്യക്തമാക്കുമ്പോൾ നമ്മുടെ സമുദായം മൂസാനബിയുടെ ആ ഉമ്മത്തിനേക്കാൾ മുന്തിയവരും ഉത്തമരുമാണെന്നു സ്പഷ്ടമാണല്ലോ. അവർ വഴിനടത്തുന്നതും വിധികല്പിക്കുന്നതും സത്യമാണെങ്കിൽ നമ്മുടെ സമുദായം വിധിക്കുന്നതും തീരുമാനിക്കുന്നതും സത്യവും പരമാർത്ഥവുമായിരിക്കും. ഈ സമുദായം സത്യമല്ലാത്തതുകൊണ്ട് വിധിക്കുകയെന്നതു സംഭവ്യമായിരുന്നെങ്കിൽ, ഈ സമുദായം ആ സമുദായത്തേക്കാൾ ഉത്കൃഷ്ടരാകുമായിരുന്നില്ല. സത്യമല്ലാത്തതു വിധിക്കുന്നവരെങ്ങനെ സത്യത്തിൽ വഴി നടത്തുന്നുവരെന്ന് അല്ലാഹു വിശേഷിപ്പിച്ചവരേക്കാൾ മുന്തിയതാകും! അപ്പോൾ ഏറ്റവും മുന്തിയവരെന്ന് അല്ലാഹു വിശേഷിപ്പിച്ച ഈ സമുദായം മൊത്തമായി സത്യമല്ലാതെ തീരുമാനിക്കുകയില്ലെന്നു സ്പഷ്ടമായി. അതിനാൽ ഈ സമുദായത്തിന്റെ ഏകകണ്ഠതീരുമാനം സത്യപ്രമാണമെന്നു വന്നു.'' അത്തഫ്സീറുൽകബീർ 8-196.

പ്രസ്തുത ആയത്തുകളിൽ 'നിങ്ങൾ' എന്നു സംബോധന ചെയ്തിട്ടുള്ളത് നബി(സ)തങ്ങളുടെ കാലം തൊട്ട് അന്ത്യനാൾ വരെയുള്ള ഉമ്മത്തിനെ മൊത്തമായുദ്ദേശിച്ചുകൊണ്ടല്ല. അങ്ങനെയാകുമ്പോൾ ഈ സമുദായം പിന്നെ ആർക്കു പ്രമാണമാകാനാണ്! പ്രത്യുത, ഇതിലെ ഉമ്മത്തുകൊണ്ടുദ്ദേശ്യം ഓരോ കാലത്തും നിലവിലുള്ള സമുദായമാണ്. ഓരോ കാലക്കാരെ ഒരു സമുദായമെന്നു പേർ വിളിക്കാം. ഓരോ കാലക്കാരും 'ഉമ്മത്തുൻ വസത്വും' 'ഖൈറുഉമ്മത്തുമാ'ണെന്നാണ് ഇവിടെ ഉദ്ദേശ്യമെന്നതിൽ സംശയമില്ല. തഫ്സീർ റാസി 4-111,112 നോക്കുക. നബി(സ)യുടെ സമുദായത്തിലെ ഓരോ കാലക്കാർക്കും പിഴവുപറ്റാത്ത സത്യസാക്ഷികളെന്നും ഉത്തമസമുദായമെന്നും സ്ഥാനം നല്കിയിരിക്കുന്നതെന്തിനാണെന്നാലോചിക്കാം. ഒന്നാമതായി തലമുറ തലമുറകളായി നീണ്ടുകിടക്കുന്ന ഈ സമുദായത്തിൽ സത്യവേദഗ്രന്ഥമായ ഖുർആൻ ഖുർആനാണെന്നും നബി(സ)തങ്ങൾക്കിറക്കപ്പെട്ട ഖുർആൻ തന്നെയാണെന്നും, നബി(സ)തങ്ങളുടെ തിരുമൊഴികളും പ്രവൃത്തികളുമടങ്ങുന്ന പ്രവിശാലമായ സുന്നത്ത് നബി(സ)യുടെ സുന്നത്താണെന്നും പഠിപ്പിക്കുന്നതിനും ഉദ്ധരിച്ചു നല്കുന്നതിനും പ്രാമാണികത വേണമല്ലോ. നബി(സ)തങ്ങളുടെ കാലത്ത് ഇതിനാവശ്യമില്ല. സത്യദൂതരാണെന്നതിനുള്ള ശക്തവും വ്യക്തവുമായ തെളിവുകളോടെ നബി(സ)തങ്ങൾ തന്നെ ആ തലമുറയിലുണ്ടല്ലോ. നബി(സ)യുടെ കാലശേഷം ഇങ്ങനെയല്ല. അല്ലാഹുവിനെ അറിയാനും വണങ്ങാനുമുള്ള പ്രമാണമായ ഖുർആനും, അതിന്റെ വിശദീകരണവും അനുബന്ധവുമായ തിരുസുന്നത്തും ഖുർആനും സുന്നത്തും തന്നെയാണെന്നതിനു പ്രസ്പഷ്ടവും ഖണ്ഡിതവുമായ ഒരു തെളിവു വേണമല്ലോ. ഇതാണ് ഈ സമുദായത്തിന്റെ ഓരോ തലമുറക്കും പിഴവുപറ്റാത്ത സുരക്ഷിതത്വം -ഇസ്മത്ത് നല്കിയതിലൂടെ അല്ലാഹു സാധിച്ചിരിക്കുന്നത്. സമുദായത്തിന്റെ ആകത്തുകയെ അവഗണിച്ചുകൊണ്ട് ഖുർആനും സുന്നത്തുമെന്ന പ്രമാണങ്ങൾ ലഭിക്കുകയില്ലെന്നു ചുരുക്കം. അപ്പോൾ ഖുർആനും സുന്നത്തുമെന്ന രണ്ടു പ്രമാണങ്ങൾക്കു പുറമെ ഇവയ്ക്കു പ്രാമാണികത ലഭിക്കുന്നതിനു തന്നെ ഇജ്മാഅ്-ഒരു കാലത്തെ തലമുറയുടെ ഏകോപനം-എന്ന സത്യപ്രമാണം അനിവാര്യമാണെന്നുവന്നു. രണ്ടാമതായി, അന്ത്യപ്രവാചകരിലൂടെ നല്കപ്പെട്ട ദീൻ സമ്പൂർണ്ണവും സർവ്വവ്യാപിയുമാണെന്നു പറഞ്ഞുവല്ലോ. കാലാകാലങ്ങളിൽ മനുഷ്യർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരവും നവംനവങ്ങളായ വിഷയങ്ങളുടെ വിധികളും ഈ ദീനിലുണ്ടായിരിക്കണം. പതിനാലു നൂറ്റാണ്ടു മുമ്പ് രണ്ടു ദശകങ്ങളിലായി അവതരണവും പ്രബോധനവും പൂർത്തിയായ ഇസ്ലാംദീനിൽ തിരുദൂതർക്കു ശേഷമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചു ഖണ്ഡിതമായി തീർപ്പുലഭിക്കാൻ മാർഗ്ഗം വേണം. അല്ലാഹുവിന്റെ ദീനിന് അടിസ്ഥാന അവലംബം അവന്റെ ദൂതന്മാർക്ക് അറിവു നല്കുന്ന വഹ്യാണെന്നു മുകളിൽ സമർത്ഥിച്ചുവല്ലോ. നബി(സ)തങ്ങളോടുകൂടി വഹ്യ് നിലച്ചശേഷം കാലികപ്രശ്നങ്ങളെക്കുറിച്ചു തീരുമാനിക്കുന്നതിനും സംവിധാനം ആവശ്യമാണ്. യഥാർത്ഥ അറിവിന്റെ ഉറവിടമായ വഹ്യിൽ നിന്ന് അഗാധ ചിന്തയും മനനവും നടത്തി പഠിച്ചെടുക്കുകയാണ് കാലാകാലങ്ങളിലുണ്ടാകുന്ന വിഷയങ്ങളിൽ ദീനറിയാനുള്ള പോംവഴി. ഇക്കാര്യം അതിനു കഴിവുള്ള അഗാധ ജ്ഞാനികൾക്കു മാത്രമേ പറ്റുകയുള്ളൂവെന്നു സ്പഷ്ടമാണല്ലോ. അവരാണു ദീനിന്റെ കാര്യക്കാർ-ഉലുൽഅംറ് എന്ന് അല്ലാഹു വിശേഷിപ്പിച്ച ഗവേഷണയോഗ്യതയുള്ള പണ്ഡിതന്മാർ. ഇവർ കേവലം അഭിപ്രായം പറയുകയല്ല ചെയ്യുന്നത്. പ്രമാണങ്ങളിൽ വ്യക്തമാക്കിയിട്ടില്ലാത്ത കാര്യങ്ങളുടെ വിധികളും പ്രശ്നങ്ങളുടെ പരിഹാരങ്ങളും വഹ്യിന്റെ പ്രമാണങ്ങളിൽ നിന്നു കണ്ടെത്തുകയും പഠിച്ചെടുക്കുകയുമാണ്. പരമാവധി പരിശ്രമിച്ച ശേഷം അവർക്കു ലഭിക്കുന്ന ചിന്തകൾക്കും അറിവുകൾക്കുമാണ് അവരുടെ 'റഅ്യുകൾ' എന്നു പറയുന്നത്. യോഗ്യതയുള്ള ഓരോരുത്തരുടെയും ചിന്തകൾ മറ്റുള്ളവർക്കു ദീനറിയാനുള്ള ഖണ്ഡിത പ്രമാണങ്ങളല്ല. അങ്ങനെയായാൽ കുഴഞ്ഞു പോകുമല്ലോ. എന്തുകൊണ്ടെന്നാൽ, പരസ്പരവിരുദ്ധമായ ചിന്തകൾ ലഭിക്കുക ഗവേഷണത്തിന്റെ സ്വാഭാവിക ഫലമാണ്. അവയെല്ലാം കൂടി പ്രമാണമാക്കിയാൽ ദീൻ അലങ്കോലപ്പെടുമല്ലോ. അതേസമയം, ദീനിന്റെ കാര്യക്കാരായ(ഉലുൽഅംറ്) ഈ ഉലമാക്കളെല്ലാവരുടെയും ചിന്താഫലം ഏകകണ്ഠവും ഒരേ വിധത്തിലുമായാൽ അതു സമുദായത്തിന്റെ മൊത്തം നിലപാടായി മാറും. കാരണം, സമുദായത്തിൽ ബാക്കിയുള്ള മഹാഭൂരിപക്ഷം വിവരമില്ലാത്തവരും വിവരമുള്ള

ഇവരെ അനുകരിക്കാൻ ബാധ്യസ്ഥരുമാണ്. പണ്ഡിതന്മാർ മുഴുവൻപേരുടെയും തീരുമാനവും വിധിയും ഒന്നായാൽ അതിനു മറുത്തൊന്നും പറയാൻ ഇവർക്കുകഴിയില്ലല്ലോ. പറഞ്ഞാൽ അതു സ്വീകാര്യവുമല്ല. അപ്പോൾ ദീനിന്റെ സമ്പൂർണ്ണതക്കും നവംനവങ്ങളായ വിഷയങ്ങളുടെ മതവിധികൾക്കുമായി ആദ്യത്തെ രണ്ടു ദശകം കൊണ്ട് അവതരണം പൂർത്തിയായ ഖുർആൻ, സുന്നത്ത് എന്നിവയ്ക്കൊപ്പം ഒരു സത്യപ്രമാണംകൂടി അനിവാര്യമാണ്. ഇതാണ് ഇജ്മാഅ്.

ആകയാൽ നബി(സ)തങ്ങളിലൂടെ അല്ലാഹു സമ്പൂർണ്ണമാക്കിയ ഇസ്ലാംദീനും അതിന്റെ മൗലികപ്രമാണങ്ങളായ ഖുർആനും സുന്നത്തും തലമുറകളിൽ നിന്നു തലമുറകളിലേക്കു കൈമാറി വരേണ്ടതും അന്ത്യനാൾ വരെ നിലനില്ക്കേണ്ടതുമാകകൊണ്ട് ഓരോ തലമുറക്കും തൊട്ടുമുമ്പുള്ള മുസ്ലിംഉമ്മത്ത് പ്രമാണമാകേണ്ടതുണ്ട്. ഇല്ലെങ്കിൽ ഖുർആൻ, സുന്നത്ത് എന്നിവകളുടെ വിശ്വസനീയത ചോദ്യം ചെയ്യപ്പെട്ടേക്കും. കാലികപ്രശ്നങ്ങളിലും പുതിയപുതിയ വിഷയങ്ങളിലും ഓരോതലമുറയിലും അതിന്റെ മുൻകാലത്തെ പ്രമാണങ്ങൾ വച്ച് ചിന്തയും മനനവും നടക്കേണ്ടിവരും. പ്രമാണങ്ങളിൽ നിന്നു നേരിട്ടു പഠിക്കാൻ കഴിയുന്നവർ അങ്ങനെയും പഠിച്ചറിഞ്ഞവരുടെ ചിന്താഫലങ്ങളിൽ നിന്നു ഗ്രഹിക്കാൻ കഴിയുന്നവർ അങ്ങനെയും കണ്ടെത്തണം. ഇല്ലെങ്കിൽ ദീനിന്റെ കാലികത നഷ്ടപ്പെട്ടു പോകും. ഇതിന് അതതുകാലത്തെ ഉലുൽഅംറ് തങ്ങളുടെ കഴിവിനൊത്ത ചിന്തയും മനനവും നടത്തണം. അങ്ങനെ ഉരുത്തിരിയുന്ന തീരുമാനങ്ങളും കണ്ടെത്തുന്ന മതവിധികളും ഏകകണ്ഠമായാൽ അതു പിഴവുപറ്റാത്തസമുദായത്തിന്റെ മൊത്തം തീരുമാനമായി പരിഗണിക്കപ്പെടും. ഇതുതന്നെയാണു സമ്പൂർണ്ണദീനിന്റെ മറ്റൊരു സത്യപ്രമാണമായ ഇജ്മാഅ്. ഈ മൂന്നു പ്രമാണങ്ങൾ വച്ച് യോഗ്യതയുള്ളവർ നടത്തുന്ന ഗവേഷണ ചിന്തയുടെയും താരതമ്യപഠനത്തിന്റെയും പേരാണു ഖിയാസ്. ഇതും അല്ലാഹുവിന്റെ ദീനറിയാനുള്ള ഒരു മാർഗ്ഗമാണ്. അപ്പോൾ അന്ത്യപ്രവാചകരിലൂടെ പൂർത്തിയായ സത്യദീനിനെ അറിയാൻ നാലു പ്രമാണങ്ങൾ അനിവാര്യമായി വന്നു. 1-കിതാബ്, 2-സുന്നത്ത്, 3-ഇജ്മാഅ്, 4-ഖിയാസ്. ദീനെന്നാൽ എന്താണെന്നറിഞ്ഞാൽ ദീനിന്റെ ഈ നാലു പ്രമാണങ്ങളെയും അറിയൽ അനിവാര്യമാകുമെന്ന് ആരംഭത്തിൽ കുറിച്ചത് ഇതുകൊണ്ടാണ്. ഈ നാലു പ്രമാണങ്ങളെയും അവലംബിക്കാൻ സത്യവിശ്വാസികളോടു നിർദ്ദേശിക്കുന്ന ഒരു സൂക്തം വിശുദ്ധഖുർആനിൽ ഇങ്ങനെ ഓതാം.

يا ايها الذين آمنوا اطيعوا الله واطيعوا الرسول واولي الامر منكم فان تنازعتم
في شيء فردوه الى الله والرسول ان كنتم تؤمنون بالله واليوم الآخر ذلك
خير و احسن تاويلا

'ഈ ആയത്ത് ഇസ്ലാമിക കർമ്മശാസ്ത്രത്തിന്റെ നിരവധി മൗലികപ്രമാണങ്ങളുൾക്കൊള്ളുന്ന ഒരു പവിത്ര ആയത്താണെ'ന്നു പ്രസ്താവിച്ചു കൊണ്ട് ഇമാം റാസി(റ)യും മറ്റു മുഫസ്സിറുകളും വിശദീകരിച്ച ഇക്കാര്യം ഇതിലെ ഓരോ വാക്യങ്ങളെടുത്തു വച്ച് നമുക്കു വിശദീകരിക്കാം.

'സത്യവിശ്വാസികളുടെ സമൂഹമേ' എന്നു സംബോധന ചെയ്തുകൊണ്ട് നാലു കാര്യങ്ങളാണ് അല്ലാഹു ഇതിൽ നിർദ്ദേശിക്കുന്നത്. 1- اطيعوا الله-അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ നിങ്ങൾ അനുസരിക്കുവീൻ.

നബി(സ)തങ്ങളിലൂടെ അല്ലാഹു സമ്പൂർണ്ണമാക്കിയ ഇസ്ലാംദീനും അതിന്റെ മൗലികപ്രമാണങ്ങളായ ഖുർആനും സുന്നത്തും തലമുറകളിൽ നിന്നു തലമുറകളിലേക്കു കൈമാറി വരേണ്ടതും അന്ത്യനാൾ വരെ നിലനില്ക്കേണ്ടതുമാക കൊണ്ട് ഓരോ തലമുറക്കും തൊട്ടുമുമ്പുള്ള മുസ്ലിംഉമ്മത്ത് പ്രമാണമാകേണ്ടതുണ്ട്. ഇല്ലെങ്കിൽ ഖുർആൻ, സുന്നത്ത് എന്നിവകളുടെ വിശ്വസനീയത ചോദ്യം ചെയ്യപ്പെട്ടേക്കും. കാലികപ്രശ്നങ്ങളിലും പുതിയപുതിയ വിഷയങ്ങളിലും ഓരോതലമുറയിലും അതിന്റെ മുൻ കാലത്തെ പ്രമാണങ്ങൾ വച്ച് ചിന്തയും മനനവും നടക്കേണ്ടിവരും. പ്രമാണങ്ങളിൽ നിന്നു നേരിട്ടു പഠിക്കാൻ കഴിയുന്നവർ അങ്ങനെയും പഠിച്ചറിഞ്ഞവരുടെ ചിന്താഫലങ്ങളിൽ നിന്നു ഗ്രഹിക്കാൻ കഴിയുന്നവർ അങ്ങനെയും കണ്ടെത്തണം. ഇല്ലെങ്കിൽ ദീനിന്റെ കാലികത നഷ്ടപ്പെട്ടു പോകും. ഇതിന് അതതുകാലത്തെ ഉലുൽഅംറ് തങ്ങളുടെ കഴിവിനൊത്ത ചിന്തയും മനനവും നടത്തണം. അങ്ങനെ ഉരുത്തിരിയുന്ന തീരുമാനങ്ങളും കണ്ടെത്തുന്ന മതവിധികളും ഏകകണ്ഠമായാൽ അതു പിഴവുപറ്റാത്ത സമുദായത്തിന്റെ മൊത്തം തീരുമാനമായി പരിഗണിക്കപ്പെടും. ഇതുതന്നെയാണു സമ്പൂർണ്ണദീനിന്റെ മറ്റൊരു സത്യപ്രമാണമായ ഇജ്മാഅ്.

[illegible] -അല്ലാഹുവിന്റെ ദൂതനെയും നിങ്ങളുടെ കൂട്ടത്തിൽ [illegible] -നിങ്ങളിൽനിന്നുള്ള കാര്യക്കാരെയും അനുസരിക്കുവിൻ. നിരുപാധികമായി അനുസരിക്കേണ്ടതുള്ള ഈ നിർദ്ദേശം അല്ലാഹുവും റസൂലും ഉലുൽഅംറും എന്തുവിധിച്ചാലും നിർദ്ദേശിച്ചാലും അതിനു വിധേയപ്പെടൽ വിശ്വാസികളുടെമേൽ ബാധ്യതയാണെന്നു പഠിപ്പിക്കുന്നു. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാനുള്ള നിർദ്ദേശം മറ്റുചില ആയത്തുകളിലെപ്പോലെ ഒറ്റ നിർദ്ദേശത്തിൽ ചേർത്തുകൊണ്ടല്ല ഈ ആയത്തിൽ പറഞ്ഞിട്ടുള്ളതെന്നതു പ്രത്യേകം ശ്രദ്ധേയമാണ്. അല്ലാഹുവിനെ അനുസരിക്കുവാനുള്ള ബാദ്ധ്യത വേറിട്ടു പ്രഥമമായിത്തന്നെ പറഞ്ഞിരിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ കലാമിലും അവന്റെ വേദത്തിലും നേരിട്ടു നല്കുന്ന നിർദ്ദേശങ്ങൾ അനുസരിക്കുവാനുള്ള ആജ്ഞയാണ് ഇതുകൊണ്ടുദ്ദേശ്യമെന്നു വ്യക്തം. അതായത്, അല്ലാഹുവിന്റെ കിതാബിനെ പ്രമാണിക്കുവാനുള്ള കല്പനയാണിത്. റസൂലിനെ അനുസരിക്കുവാനുള്ള നിർദ്ദേശം നബി(സ)യുടെ വിധിവിലക്കുകളെന്തും നിരുപാധികം അനുസരിക്കാനുള്ള കല്പനയും. നബി(സ)തങ്ങൾ നിർദ്ദേശിക്കുന്നതും തീരുമാനിക്കുന്നതും ചോദ്യംചെയ്യാതെ, മനസ്സിടുക്കം തോന്നാതെ സർവ്വാത്മനാ അനുസരിക്കണമെന്ന് വേറെയും പല ആയത്തുകളിലും നിർദ്ദേശമുണ്ട്. നബി(സ)യുടെ സുന്നത്തിനെ പ്രമാണിക്കുവാനുള്ള ആജ്ഞയാണിത്. നബിയെ അനുസരിക്കേണ്ട ബാദ്ധ്യതക്കു സമം അതേനിർദ്ദേശത്തിൽ ചേർത്തുകൊണ്ടാണ് 'വിശ്വാസിസമൂഹത്തിൽ നിന്നുള്ള കാര്യക്കാരെ' അനുസരിക്കുവാൻ അല്ലാഹു നിർദ്ദേശിക്കുന്നത്. ഇതിന്റെ ഉദ്ദേശ്യമായി ഇമാം റാസിയുടെ വിവരണം ഇവിടെയുദ്ധരിക്കാം.

"وأولي الأمر منكم" എന്ന വാക്യം ഉമ്മത്തിന്റെ ഇജ്മാഅ് ഖണ്ഡിത പ്രമാണമാണെന്നതിനു തെളിവാണെന്നാണു നമ്മുടെ പക്ഷം. എന്തുകൊണ്ടെന്നാൽ, ഉലുൽഅംറിനെ അനുസരിക്കാൻ അല്ലാഹു ഇതിൽ ഖണ്ഡിതമായി നിർദ്ദേശിക്കുന്നു. അല്ലാഹു ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളത് പിഴവുപറ്റാത്ത സുരക്ഷിത പ്രമാണമായിരിക്കൽ അനിവാര്യമാണ്. അല്ലെങ്കിൽ പിഴവിനോടു പിൻപറ്റാൻ അല്ലാഹു നിർദ്ദേശിച്ചതായി വരും. അതാകട്ടെ, അല്ലാഹു വിലക്കിയ കാര്യമാണെന്നു വ്യക്തമാണ്. ഒരു കാര്യത്തെ അല്ലാഹു വിലക്കുകയും അതുതന്നെ അല്ലാഹു നിർദ്ദേശിക്കുകയും ചെയ്യുകയെന്നത് അസംഭവ്യമാണല്ലോ. അപ്പോൾ അനുസരിക്കാൻ നിർദ്ദേശിക്കപ്പെട്ട ഉലുൽഅംറ് പിഴവുപറ്റാത്ത പ്രമാണമാണെന്നു സ്പഷ്ടമായി.

പിഴവുപറ്റാത്ത ഈ പ്രമാണം ഒന്നുകിൽ സമുദായം മൊത്തമായിരിക്കണം. അല്ലെങ്കിൽ ചില വ്യക്തികൾ മാത്രമാകണം. ചില വ്യക്തികളെന്ന് ഉദ്ദേശിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, ഉലുൽഅംറിനെ അനുസരിക്കാൻ അല്ലാഹു ഇവിടെ നിർദ്ദേശിച്ചത് ഖണ്ഡിതവും നിരുപാധികവുമായാണ്. ഇതിനു നാം വഴിപ്പെടണമെങ്കിൽ അവരെ നമുക്കറിയാനും പ്രാപിക്കാനും കഴിയണം. നമുക്കറിയാം, അങ്ങനെ പിഴവുപറ്റാത്ത ഏതെങ്കിലും ഇമാമുകളെ നമുക്കു മനസ്സിലാക്കാനും അവരിലേക്കു ചെന്നെത്തുവാനും കഴിയില്ലെന്ന്. അവരിൽ നിന്നു ദീനും അറിവും നേടുവാനും നമുക്കാവില്ലെന്നുറപ്പാണ്. അപ്പോൾ അല്ലാഹു മുഅ്മിനീങ്ങളോട് അനുസരിക്കാൻ നിർദ്ദേശിച്ചതു സമുദായത്തിലെ ചിലരല്ലെന്നും ഏതെങ്കിലും ഒരു സംഘം മാത്രമല്ലെന്നും വ്യക്തമാണ്. ഉമ്മത്തിന്റെ കാര്യങ്ങൾ മൊത്തമായി തീരുമാനിക്കാനും ഉറപ്പിക്കാനും കഴിയുന്ന കാര്യക്കാരാണ് ഇതുകൊണ്ടുദ്ദേശ്യം. സമൂഹത്തിന്റെ ആകത്തുകയെ പ്രമാണിക്കുകയാണ് ഇതിനുള്ള മാർഗ്ഗം.....

സ്വഹാബികളും താബിഉകളുമായ ഒരു സംഘം വ്യാഖ്യാതാക്കൾ ഉലുൽഅംറ് കൊണ്ടുദ്ദേശ്യം ഉലമാഅ്-അറിവുള്ളവരാണെന്നു വിവരിച്ചിട്ടുള്ളത് നിസ്തർക്കമാണ്. ഇതു സമുദായത്തിന്റെ കാര്യങ്ങൾ തീരുമാനിക്കാനും അവർ തീരുമാനിച്ചതു പൊളിക്കാനും യോഗ്യതയുള്ള ഉലമാക്കൾ മുഴുവനുമാണെന്നു വരുമ്പോൾ അവരുടെ നിലപാടു സമൂഹത്തിന്റെ മൊത്തം നിലപാടു തന്നെയായിരിക്കുമല്ലോ. അപ്പോൾ ഉലുൽഅംറിനെ അനുസരിക്കുവാനുള്ള അല്ലാഹുവിന്റെ ഈ നിർദ്ദേശം കാര്യക്കാരായ ഉലമാക്കളുടെ ഏകകണ്ഠമായ ഇജ്മാഇനെ പ്രമാണിക്കുവാനുള്ള കല്പനയാണ്. ഉലുൽഅംറുകൊണ്ടു വിവക്ഷിതം ഖുലഫാ റാശിദുകളാണെന്നും യുദ്ധസൈന്യങ്ങളുടെ അമീറുമാരാണെന്നും ചിലരഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനേക്കാൾ കരണീയം ഉലമാക്കളെന്ന അഭിപ്രായമാണ്. ഇതിനു പല ന്യായങ്ങളും വിവരിക്കാനുണ്ട്. ഒന്നാമതായി, യുദ്ധസംഘത്തിന്റെ അമീറുമാരോ രാജ്യം ഭരിക്കുന്ന അമീറുമാരോ ആണ് ഇവിടെ ഉദ്ദേശ്യമെന്നു വയ്ക്കാൻ നിവൃത്തിയില്ല. കാരണം, സത്യവും ശരിയുമെന്നു തെളിവുകൊണ്ടു ബോദ്ധ്യപ്പെട്ട കാര്യത്തിൽ മാത്രമാണല്ലോ അവരെ അനുസരിക്കൽ നിർബ്ബന്ധമാകുക. അപ്പോൾ കിതാബ്, സുന്നത്ത് എന്നീ പ്രമാണങ്ങൾക്കു പുറമെ ഉലുൽഅംറിനെ അനുസരിക്കാൻ വേറിട്ടു പറയുന്നതിനർത്ഥമില്ലാതാകും. ഭാര്യ ഭർത്താവിനും മക്കൾ മതാപിതാക്കൾക്കും വിദ്യാർത്ഥി ഗുരുനാഥനും. അനുസരിക്കൽ അല്ലാഹുവിനും റസൂലിനുമുള്ള അനുസരണമാകുംപോലെ അമീറുമാരെ അനുസരിക്കൽ അല്ലാഹുവിനും റസൂലിനുമുള്ള അനുസരണത്തിൽ പെടുമല്ലോ. നേരെമറിച്ച്, നാം വിവരിച്ച പോലെ ഉലമാഇന്റെ ഇജ്മാആണ് ഉദ്ദേശ്യമെന്നു പറയുമ്പോൾ കിതാബ്, സുന്നത്ത് എന്നിവയിൽ നിന്നു വേറിട്ടുള്ള ഒരിനം തന്നെയാണിത്. കിതാബ്, സുന്നത്തിലില്ലാത്ത വിധികളുടെ മേലിലും ഇജ്മാഅ് പ്രമാണമാകുമല്ലോ. രണ്ടാമതായി, അധികാരികളെ അനുസരിക്കലാണിവിടെ ഉദ്ദേശ്യമെങ്കിൽ ഈ ആയത്തിൽ ഒരു പാധികൂടി കൂട്ടിച്ചേർക്കേണ്ടിവരും. കാരണം, അധികാരികളെ നിരുപാധികം അനുസരിക്കാവതല്ലല്ലോ. മൂന്നാമത്, ആയത്തിൽ തുടർന്നു പറയുന്നത് പണ്ഡിതന്മാർ ഭിന്നിച്ചാലുള്ള വിഷയമാണ്. അതിനുമുമ്പേ ഇതിന്റെ മാറ്റത്തിലുള്ള അവരൈക്യപ്പെടുന്ന ഇജ്മാഇന്റെ കാര്യം പറയേണ്ടതുണ്ടല്ലോ. നാലാമതായി, അല്ലാഹുവിനും റസൂലിനും വഴിപ്പെടൽ നിരുപാധികവും ഖണ്ഡിതവുമായി നിർബ്ബന്ധമാണ്. ഇതുപോലെ ഖണ്ഡിതവും നിരുപാധികവുമാണ് ഇജ്മാഇനു വിധേയപ്പെടലും. അധികാരികൾക്കു വിധേയപ്പെടൽ ഇപ്രകാരം നിർബ്ബന്ധമില്ല. അധികപക്ഷവും അവരെ അനുസരിക്കൽ ഹറാമായാണു വരുക. കാരണം, അവരക്രമമാണ് അധികവും കല്പിക്കുക. ചുരുങ്ങിയ പക്ഷമേ അതു നിർബ്ബന്ധമാകുകയുള്ളൂ. മാത്രമല്ല, റസൂലിനോടു സംബന്ധിപ്പിച്ചുകൊണ്ട് ഒറ്റ നിർദ്ദേശത്തിലുൾപ്പെടുത്തിയാണ് ഉലുൽ

ശേഷം......പേജ് 37 ൽ

*പഠനം പേജ് 21 ൽ നിന്ന്....*

അംറിനെ അനുസരിക്കുന്ന കാര്യംഅല്ലാഹു ഈ ആയത്തിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ റസൂലിനെപ്പോലെ പിഴവുപറ്റാത്ത മറ്റൊരു പ്രമാണമായ ഇജ്മാആണുദ്ദേശ്യമെന്നു വയ്ക്കുന്നതാണ് ഏറ്റവും കരണീയം"(തഫ്സീർ റാസി 10-149-151).

ആകയാൽ അല്ലാഹു ഈ ആയത്തിൽ അനുസരിക്കുവാൻ നിർദ്ദേശിച്ച മൂന്നു കാര്യങ്ങളും-അല്ലാഹു, റുസൂൽ, ഉലുൽഅംറ്-ദീനിന്റെ മൂന്നു പ്രമാണങ്ങളാണ്. ഇവയാണു യഥാക്രമം കിതാബ്, സുന്നത്ത്, ഇജ്മാഅ് എന്നു പറയപ്പെടുന്നത്. ഇവ മൂന്നും ഇസ്ലാംദീനിന്റെ പ്രമാണങ്ങളാണെന്ന കാര്യത്തിൽ സമുഹത്തിൽ കാര്യമായ അഭിപ്രായവ്യത്യാസങ്ങളുമില്ല. ഈ മൂന്നു പ്രമാണങ്ങൾകൊണ്ടും ദീനിന്റെ കാര്യങ്ങൾ സ്ഥിരപ്പെട്ടുമെന്നും ഏറെക്കുറെ ഇസ്ലാമിലെ എല്ലാ വിഭാഗങ്ങളും സമ്മതിക്കുന്നതാണ്. ചില വിവരദോഷികൾ പക്ഷേ, കിതാബിനോടെതിരായാൽ സുന്നത്തും കിതാബിനോടും സുന്നത്തിനോടുമെതിരായാൽ ഇജ്മാഉം പ്രമാണമല്ലെന്നും അവ തള്ളപ്പെടേണ്ടതാണെന്നും ജൽപിക്കാറുണ്ടെന്നു മാത്രം. ഇതു തനി തോന്ന്യാസമാണെന്നു വ്യക്തം. ഈ മൂന്നു പ്രമാണങ്ങളും തമ്മിൽ ഒരിക്കലും വൈരുദ്ധ്യമുണ്ടാകില്ല. കിതാബിനോടു കടകവിരുദ്ധമായി സുന്നത്തോ അവരണ്ടിനോടും വിരുദ്ധമായി ഇജ്മാഓ സംഭവിക്കുകയില്ലതന്നെ. ഇതുകൊണ്ടാണ് ഇതു മൂന്നും നിരപാധികം അനുസരിക്കപ്പെടേണ്ട സ്വതന്ത്രപ്രമാണങ്ങളായി അല്ലാഹു ഇവിടെ വ്യക്തമാക്കിയതും.

ഈ മൂന്നു പ്രമാണങ്ങളിൽ വ്യക്തമാക്കപ്പെട്ട കാര്യങ്ങളിൽ സമുദായം ഭിന്നിക്കുകയില്ല. പണ്ഡിതന്മാർക്കിടയിലോ മദ്ഹബുകൾക്കിടയിലോ അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളൊന്നും തന്നെ ഈ മൂന്നു പ്രമാണങ്ങളിലും വ്യക്തമാക്കപ്പെട്ടതല്ല. ഏതെങ്കിലുമൊരു മദ്ഹബിലെ നിയമമോ ഇമാമുകളുടെ വീക്ഷണവ്യത്യാസമോ പൊക്കിപ്പിടിച്ച് അതു ഖുർആനിനും സുന്നത്തിനും വിരുദ്ധമാണെന്നും മറ്റും ചിലർ ആരോപിക്കുന്നത് വസ്തുതകൾ ശരിക്കു മനസ്സിലാക്കാതെയാണ്. ഏതെങ്കിലും ഖുർആൻ വാക്യത്തിൽ നിന്നും സുന്നത്തിൽ നിന്നും തങ്ങൾ മനസ്സിലാക്കിയ ആശയങ്ങൾക്ക് എതിരാണെന്നാണ് അവർ പറയുന്നതിന്റെ ചുരുക്കം. പക്ഷേ, പ്രസ്തുത ആയത്തിനും സുന്നത്തിനും അവർ മനസ്സിലാക്കിയ ആശയം മാത്രമേയുള്ളൂവെന്നു പറയാവതല്ലല്ലോ. ഇതോർക്കാതെയാണ് മദ്ഹബിന്റെ നിയമങ്ങളെ അല്പന്മാർ ചോദ്യം ചെയ്യുന്നത്. സത്യത്തിൽ ഖുർആൻ-സുന്നത്ത്-ഇജ്മാഅ് എന്നീ പ്രമാണങ്ങളിലേതെങ്കിലുമൊന്നിൽ വ്യക്തമാക്കപ്പെട്ട കാര്യങ്ങളിൽ ദീനിന്റെ പേരിൽ തർക്കമുണ്ടാകുകയില്ല. ഉണ്ടായാൽ അതു സ്വീകാര്യവും നിയമപരവുമല്ല. വ്യക്തമാക്കപ്പെടാത്ത കാര്യങ്ങളിൽ തർക്കമുത്ഭവിക്കാം. ഇതിന്റെ പരിഹാരമാണ് നാം ചർച്ചചെയ്യുന്ന ആയത്തിൽ നാലാമതായി അല്ലാഹു നിർദ്ദേശിക്കുന്നത്. فإن تنازعتم في شيء فردوه إلى الله والرسول എന്ന്. ഇതിന്റെ വിശദീകരണമായി ഇമാം റാസി വിവരിച്ചത് ഇവിടെ ഉദ്ധരിക്കാം.

"പ്രമാണങ്ങളിൽ വ്യക്തമാക്കപ്പെടാത്ത കാര്യങ്ങളെ വ്യക്തമാക്കപ്പെട്ട കാര്യങ്ങളുമായി താരതമ്യം ചെയ്തു വിധി കണ്ടെത്തുകയെന്ന ഖിയാസ് ഒരു പ്രമാണമാണെന്ന് ഈ ആയത്ത് തെളിയിക്കുന്നു. എങ്ങനെയെന്നാൽ, فإن تنازعتم في شيء (ഏതെങ്കിലുമൊരു കാര്യത്തിൽ നിങ്ങൾ ഭിന്നിച്ചാൽ) എന്ന് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം രണ്ടാലൊന്നു മാത്രമാണ്. ഒന്നുകിൽ, മുകളിൽ പറഞ്ഞ കിതാബ്, സുന്നത്ത്, ഇജ്മാഅ് എന്നിവകളിൽ വ്യക്തമാക്കപ്പെട്ട കാര്യത്തിൽ എന്ന്. അതല്ലെങ്കിൽ മൂന്നു പ്രമാണങ്ങളിലും വ്യക്തമാക്കപ്പെടാത്ത കാര്യത്തിൽ ഭിന്നിച്ചാൽ എന്ന്. ഇതിലാദ്യത്തേതു നിരർത്ഥമാണ്. കാരണം, മൂന്നു പ്രമാണങ്ങളിൽ വ്യക്തമാക്കപ്പെട്ട കാര്യത്തിൽ വ്യക്തമാക്കപ്പെട്ടതിനെ അനുസരിക്കൽ അനിവാര്യമാണെന്ന് ആയത്തിന്റെ ആരംഭത്തിൽ പറഞ്ഞുവല്ലോ. അതിനെച്ചൊല്ലി ഭിന്നിച്ചാൽ വീണ്ടും അതിലേക്കു തന്നെ മടക്കണമെന്നു തുടർന്നു പറയുന്നത് ആദ്യം പറഞ്ഞതിന്റെ തനിയാവർത്തനമാകും. ഇതു നടക്കില്ല. അപ്പോൾ രണ്ടാമതു പറഞ്ഞതാണുദ്ദേശ്യമെന്നു വ്യക്തം. അതിങ്ങനെയാണ്: കിതാബിലും സുന്നത്തിലും ഇജ്മാഇലും പറയപ്പെടാത്ത ഒരു കാര്യത്തിൽ നിങ്ങൾ തർക്കിച്ചാൽ എന്ന്. അങ്ങനെയുള്ള കാര്യത്തിന്റെ വിധി കിതാബ്-സുന്നത്തിന്റെ വ്യക്തമായ മൊഴികളിൽ നിന്ന് അന്വേഷിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കാനിടയില്ലല്ലോ. فردوه إلى الله والرسول എന്നതിന്റെയർത്ഥം അതാകാനും തരമില്ല. അപ്പോൾ പിന്നെ സമാനസംഭവങ്ങളിൽ കിതാബിലും സുന്നത്തിലും വ്യക്തമാക്കപ്പെട്ട വിധികളിലേക്കു വ്യക്തമാക്കപ്പെടാത്ത കാര്യങ്ങളുടെ വിധി മടക്കണമെന്നാകും ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യമെന്നു സ്ഥിരപ്പെട്ടു. ഇതു തന്നെയാണു ഖിയാസ്. അപ്പോൾ ഈ ആയത്ത് ഖിയാസു നടത്താനുള്ള നിർദ്ദേശമാണ്." അത്തഫ്സീറുൽകബീർ 10-152.

ഇങ്ങനെത്തന്നെയാണ് ഈ ആയത്തിനെ പ്രധാന മുഫസ്സിറുകളെല്ലാം വിശദീകരിച്ചിട്ടുള്ളത്. ദീനിനെ അറിയാനുള്ള നാലു പ്രമാണങ്ങളെ പഠിപ്പിക്കുന്നതാണ് ഈ ആയത്ത്. ഈ ആയത്തിനെ പക്ഷേ, കിതാബ്, സുന്നത്ത് എന്നീ രണ്ടു പ്രമാണങ്ങളെ മാത്രം ഏതു പ്രശ്നങ്ങളിലും അവലംബിക്കാനുള്ള നിർദ്ദേശമായി ദുർവ്യാഖ്യാനം ചെയ്യുകയാണു സാധാരണ പതിവ്. വഹാബിസ്റ്റേജുകളിലും പ്രസംഗങ്ങളിലും എന്നും മുഴങ്ങാറുള്ളതങ്ങനെയാണ്. 'തർക്കമുണ്ടായാൽ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കണം' എന്ന ഭാഗം മാത്രം പരിഭാഷപ്പെടുത്തിക്കൊണ്ട് മുസ്ലിംസമുദായത്തിലെ കക്ഷിവഴക്കുകളും തർക്കങ്ങളുമെല്ലാം തീർക്കാനുള്ള ഒറ്റമൂലികയാണ് ഈ ആയത്തിൽ നിർദ്ദേശിക്കുന്നതെന്ന് വച്ചുകാച്ചുകയാണ് അവർ ചെയ്യാറുള്ളത്. ഈ ആയത്തിന്റെ ആരംഭത്തിൽ പഠിപ്പിക്കുന്ന ദീനിന്റെ സ്വതന്ത്ര പ്രമാണങ്ങളായ കിതാബ്, സുന്നത്ത്, ഇജ്മാഅ്(അല്ലാഹു, റസൂൽ, ഉലുൽഅംറ്) എന്നിവയുടെ കാര്യം അവർ മിണ്ടുകയേയില്ല. ഇതുമൂന്നും ദീനിന്റെ പ്രമാണങ്ങളാണെന്നതിൽ സമമാണെന്ന വസ്തുത അവർ പഠിച്ചിട്ടുമില്ല. ഇതു മൂന്നിലും വ്യക്തമാക്കപ്പെടാത്ത കാര്യങ്ങളെ വിധിവ്യക്തമാക്കപ്പെട്ട സമാനസംഭവങ്ങളുമായി അർഹതയുള്ള ഗവേഷകപണ്ഡിതന്മാർ താരതമ്യം ചെയ്തു മനസ്സിലാക്കുകയെന്ന ഖിയാസിനുള്ള നിർദ്ദേശമാണ് ഈ ആയത്തിന്റെ അവസാനഭാഗമെന്ന് ഇവരൊട്ടും അറിയുകയുമില്ല. കേവലം പരിഭാഷയിൽ നോക്കി തന്നിഷ്ടം പറയുന്നവർക്ക് ഒന്നും പഠിക്കേണ്ടതും ഓർക്കേണ്ടതുമില്ലല്ലോ. അവർക്കു 'പ്രമാ

ണങ്ങളിലൂടെ മതത്തെ അറിയുക' എന്നു പ്രമേയമുണ്ടാക്കിയാൽ മാത്രം മതി. എന്താണു പ്രമാണങ്ങൾ? അതിനെന്താണു രേഖ? എങ്ങനെയാണു പ്രമാണങ്ങളിലൂടെ അറിയുക എന്നൊന്നും ചിന്തിക്കേണ്ടതില്ല. ചോദിക്കാനാളില്ലാത്ത ലോകമാണല്ലോ! കാര്യമറിയാതെ വകതിരിവുള്ളവർ കുപ്രചാരണങ്ങളിൽ അകപ്പെട്ടു പോകരുതെന്നുദ്ദേശിച്ചാണ് മതപ്രമാണങ്ങളെക്കുറിച്ച് ഈ പഠനക്കുറിപ്പെഴുതുന്നത്.

നാലു പ്രമാണങ്ങളാണ് മതത്തെയറിയാൻ നാമിവിടെ വിവരിച്ചത്. വിശുദ്ധഖുർആനാണ് ഇതു പഠിപ്പിച്ചത്. ഇതിൽ മൂന്നെണ്ണം -കിതാബ്, സുന്നത്ത്, ഇജ്മാഅ്-സ്വതന്ത്രപ്രമാണങ്ങളാണ്. നാലാമത്തേത് ഇവയിൽ വ്യക്തമാക്കപ്പെടാത്ത വിഷങ്ങളിൽ വിധിയറിയാതെ കുഴഞ്ഞുപോകാതിരിക്കാനുള്ള പരിഹാരനിർദ്ദേശമാണ്. ഇതു സോപാധിക പ്രമാണവും. ഇതു നാലും പ്രമാണങ്ങളാണെന്നതിൽ ഇമാമുകൾക്കിടയിൽ പരിഗണനീയ തർക്കങ്ങളില്ല. ഇതുകൊണ്ടാണു നാലുമദ്ഹബിലും ഏകകണ്ഠമായി അംഗീകരിക്കപ്പെട്ട(متفق عليها) പ്രമാണങ്ങളായി ഇതിനെ വിശേഷിപ്പിക്കുന്നത്.

ഈ പ്രമാണങ്ങളിൽ നിന്ന് എങ്ങനെ മതത്തെ അറിയാം? ഇതും അല്പം വിശദീകരിക്കേണ്ടതുണ്ട്. അടുത്തലക്കമാകാം.